## ഉള്ളടക്കം


എം ആർ എസ് വി ഹൈ സ്കൂൾ..........2
സ്കൂൾ സ്ഥാപകൻ..........3
എഡിറ്റോറിയൽ..........4
ആശംസകളോടെ..........5
ആശംസകളോടെ..........6
ആശംസകൾ..........8
ആശംസകൾ..........9
അഭിനന്ദനങ്ങൾ..........10
എക്സിക്യൂട്ടീവ് മെമ്പേഴ്സ്..........11
എഡിറ്റോറിയൽ..........12
പുനർജനി..........13
മണ്ണും മനുഷ്യനും..........14
കഴുതയുടെ ബുദ്ധി..........15
നെല്ലിക്ക..........17
നാളെ..........19
तित्तली..........20
അമ്മ..........21
വായനയുടെ പ്രാധാന്യം..........22
ആവണി തുമ്പി..........25
മഴ..........26
സ്നേഹത്തണൽ..........28
ഒരു രോഗം ഒട്ടേറെ ഗവേഷണം..........30
വായിച്ചു വളരാം..........32
മഴപ്പഴമ..........34
ജീവിത ത്യാഗം..........35
ഒരു കിയോ കിയോ കിയോക്കഥ..........37
സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ആവശ്യകത..........39



# എം ആർ എസ് വി ഹൈ സ്കൂൾ



# സ്കൂൾ സ്ഥാപകൻ

## ശ്രീ എം ആർ ശങ്കരവാര്യർ

# എഡിറ്റോറിയൽ



**ബേസിൽ.കെ.ജോയ്**

ഇന്നിൽ നിന്നുകൊണ്ട് ഇന്നലെ അപഗ്രഥിക്കുകയും നാളെയെ നിർമ്മിക്കുകയുമാണ് ഓരോ ചരിത്രസൃഷ്ടിയും ചെയ്യുന്നത്. പഴമയുടെ ഊർജ്ജത്തെ അഥവാ അംശത്തെ ഉൾക്കൊണ്ടുമാത്രമെ നമുക്ക് പുതുമയെ കണ്ടെത്താനാവുകയുള്ളൂ. ചരിത്രം ഒന്നിനെ ഇല്ലാതാക്കിക്കൊണ്ട് പുതിയ ഒന്നിനെ രൂപപ്പെടുത്തുകയല്ല, മറിച്ച് ഇത് അനുസ്മൃതിയുടെ ഭാഗമായി രൂപാന്തരപ്പെടുത്തുകയാണ് ചെയ്യുന്നത്.

17 നൂറ്റാണ്ടിന്റെ പേപ്പർയുഗത്തിൽ നിന്നും 21◌ാം നൂറ്റാണ്ടിന്റെ ഡിജിറ്റൽ യുഗത്തിലേക്ക് ആധുനിക സമൂഹം കടന്നുവന്നപ്പോൾ എഴുത്തിന്റെയും വായനയുടെയും അഭിരുചികൾ മാറി. ഈ അഭിരുചികളിൽ നിന്ന് ഹൈടെക്ക് തലമുറ പുത്തൻ ചരിത്രം സൃഷ്ടിക്കുമ്പോൾ അത് പഴമയുടെ ചരിത്രത്തിൽ നിന്നുകൊണ്ടാണ്. അതുപോലെ എം ആർ എസ് വി ഹൈസ്കൂളിന്റെ ഡിജിറ്റൽ മാഗസ്സിൻ പുത്തൻ ചരിത്രം സൃഷ്ടിക്കാൻ കഴിയട്ടെ.

# ആശംസകളോടെ............

<u>സ്കൂൾ മാനേജർ, മുൻ ഹെഡ്മാസ്റ്റർ</u>

ശ്രീ എം എസ് എസ് വാര്യർ.



**വിദ്യാർഥികളുടെ സർവതോന്മുഖമായ വളർച്ചയെ മുന്നിൽ കണ്ട് പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കിയ സംസ്ഥാനസർക്കാരിന്റെ അതിനൂതന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ഇതിലൂടെ അന്തർമുഖരായ കുട്ടികളെ പോലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ സാധിക്കും. എന്റെ സ്കൂളിലെ "നവമുകുളങ്ങൾ" എന്ന ഡിജിറ്റൽ മാഗസ്സിന്റെ പണിപ്പുരയിൽ എത്തിയപ്പോൾ എനിക്ക് മനസ്സിലായി, എത്ര സൂക്ഷ്മതയോടും വ്യക്തതയോടും കൂടിയാണ് ഇവർ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ഇവരുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്കും എല്ലാ ആശംസകളും ഹൃദയപൂർവ്വം നേരുന്നു.**

# ആശംസകളോടെ...........

## സ്കൂൾ ഹെഡ്മാസ്റ്റർ



## ശ്രീ പീറ്റർ.കെ.കെ

പാഠപുസ്തകത്തിന്റെ മതിൽകെട്ടിനപ്പുറത്ത്, വിശാലമായൊരു ലോകമുണ്ട്. നമ്മുടെ വിദ്യാലയങ്ങളെല്ലാം ഹൈടെകും, ക്ലാസ് മുറികളെല്ലാം സ്മാർട്ട് ക്ലാസുകളും ആയിക്കഴിഞ്ഞു. വിവരങ്ങൾ എല്ലാം നമ്മുടെ കുട്ടികളുടെ വിരൽത്തുമ്പിൽ എത്തിക്കഴിഞ്ഞു. വിവരസാങ്കേതിക രംഗത്ത് കുട്ടികളെ പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ള ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിൽ പരിശീലനം

നൽകുന്നു. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമതയോടെ നടന്നുവരുന്നു. ഈ വർഷത്തെ പരിശീലനത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന "നവമുകുളങ്ങൾ" 2019 എന്ന ഡിജിറ്റൽ മാഗസ്സിന് എല്ലാവിധ ആശംസകളും നേരുന്നു.

# ആശംസകൾ........

**സ്കൂൾ പി.ടി.എ പ്രസിഡന്റ്.**



**ശ്രീ ചന്ദ്രൻ. കെ.എ**

**വിവരസാങ്കേതിക വിദ്യയുടെ വിസ്മയലോകത്തിലേക്ക് കുഞ്ഞുങ്ങളെ കൈപിടിച്ചുയർത്തുവാൻ നമ്മുടെ സ്കൂളിൽ ആരംഭിച്ചിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി കൂട്ടായ്മയുടെ വളർച്ചയിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുന്നു. അതോടൊപ്പം ഇവർ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസ്സിന് എല്ലാ വിധ ആശംസകളും നേരുന്നു. അതോടൊപ്പം മറ്റ് വിദ്യാർത്ഥികളിലേക്കും ഈ നേട്ടം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.**

# ആശംസകൾ.......

**<u>എം.പി.ടി.എ പ്രസിഡന്റ്</u>**



## <u>ശ്രീമതി സൗമ്യ സിനോജ്.</u>

**വിവരസാങ്കേതിക വിദ്യ അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ നമ്മുടെ സ്കൂളിൽ കുട്ടികളുടെ സാങ്കേതികമികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ചിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനം നല്ല രീതിയിൽ പുരോഗമിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. കുട്ടികളുടെ മികവിന്റെ ഭാഗമായി പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസ്സിന് എല്ലാ വിധ ആശംസകളും നേരുന്നു.**

# അഭിനന്ദനങ്ങൾ.......

കൈറ്റ് മിസ്ട്രസ്സ്



ഷീല മാത്യു



അഞ്ജു സക്കറിയ

2018-19 അദ്ധ്യയന വർഷം സംസ്ഥാന സർക്കാർ പൊതു വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയ പൊതു സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്. വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നു പോകാനുള്ള അവസരമാണ് ഇതിലൂടെ ലഭിക്കുന്നത്. അതായത് അനിമേഷൻ, സൈബർസേഫ്റ്റി, മലയാളം കമ്പ്യൂട്ടിങ്ങ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്&റോബോട്ടിക്സ്, ത്രി ഡി അനിമേഷൻ, റാസ്ബെറി പൈ, ഡി എസ് എൽ ആർ ക്യാമറാ എന്നീ മേഖലകൾ പരിചയപ്പെടുന്നതിനും അതിൽ ആവശ്യമായ പരിശീലനം നേടുന്നതിനും അതിലൂടെ വിവരസാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം നല്ല രീതിയിൽ വളർത്തിയെടുക്കുന്നതിനും സാധിക്കുന്നു. എല്ലാ പ്രവർത്തനത്തിനും ഒറ്റക്കെട്ടായി നിൽക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എല്ലാ വിധ ആശംസകളും നേരുന്നു

# എക്സിക്യൂട്ടീവ് മെമ്പേഴ്സ്.

| | |
|---|---|
| ശ്രീ എം എസ് എസ് വാര്യർ | - സ്കൂൾ മാനേജർ |
| | എം ആർ എസ് വി ഹൈ സ്കൂൾ |
| ശ്രീ പീറ്റർ.കെ.കെ | - ഹെഡ്മാസ്റ്റർ |
| ശ്രീമതി സൗമ്യ സിനോജ് | - എം പി റ്റി എ പ്രസിഡന്റ് |
| ശ്രീമതി ഷീല മാത്യൂ | - SITC |
| ശ്രീമതി അഞ്ജു സകറിയ | - കൈറ്റ് മിസ്ട്രസ്സ് |
| മാസ്റ്റർ അർജുൻ.എം.കെ | - ചീഫ് എഡറ്റർ |

## എഡിറ്റോറിയൽ ബോർഡ്

മാസ്റ്റർ അഭയ് മോൻ ബിജു

മാസ്റ്റർ എൽദോസ് കെ സണ്ണി

മാസ്റ്റർ എബിൻ കെ ഇ

# എഡിറ്റോറിയൽ



അർജുൻ.എം.കെ

ചീഫ് എഡിറ്റർ

എം ആർ എസ് വി ഹൈ സ്കൂൾ സൗത്ത് മഴുവന്നൂർ. ഇവിടത്തെ ലിറ്റിൽ കൈറ്റ്സ് വളരെ സജ്ജീവമായി പ്രവർത്തിച്ച് വരുന്നു. ഞങ്ങൾ 40 കുട്ടികളാണ് ലിറ്റിൽ കൈറ്റ്സിൽ ഉള്ളത്. ഞങ്ങളുടെ കൈറ്റ് മിസ്ട്രസ്സുമാരായ അഞ്ജു ടീച്ചറിന്റെയും ഷീല മാത്യു ടീച്ചറിന്റെയും, ഞങ്ങൾ എല്ലാവരുടേയും അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ് ഈ ഡിജിറ്റൽ മാഗസ്സിൻ. ഒന്നിനും പുറകോട്ടു മാറി നിൽക്കാതെ കാര്യങ്ങൾ ഭംഗിയായി നടപ്പിലാക്കാൻ സമയം കണ്ടെത്തിയ എന്റെ കൂട്ടുകാർക്ക് നന്ദി രേഖപ്പെടുത്തുന്നു. ഇതിനായി ഞങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയും പ്രോത്സാഹിപ്പിച്ചും ഞങ്ങളെ മുന്നോട്ടു നയിച്ച അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു. എല്ലാവർക്കും വളരെ സന്തോഷത്തോടും കൃതജ്ഞതയോടും കൂടി ഈ നവമുകുളങ്ങൾ ഡിജിറ്റൽ മാഗസ്സിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.

# പുനർജനി



ദേവപ്രഭ. കെ.എസ്
8B

മഹാ പ്രളയത്തിൽ ഉടുവസ്ത്രം പോലും നഷ്ട്പ്പെട്ട അനേകായിരങ്ങളുടെ കണ്ണീരും വേദനയും തിരിച്ചറിഞ്ഞ് വീണ്ടും അവരെ ജീവിതതിതിന്റെ നേർക്കാഴ്ച്ചകളിലേക്ക് തിരിച്ചുകൊണ്ടുവരാൻ നമുക്ക് ഒത്തുചേർന്ന് ആത്മവീര്യം പകർന്നുനൽകാം. ഒപ്പം ഒരു കൈത്താങ്ങും.

ഒരു മഴത്തുള്ളിയെ കൊതിച്ച നാളുകൾ
ഓർമ്മയിൽ ഒരു മഹാപ്രളയമായ്
പെരുമഴയായ് പെയ്യിറങ്ങിയ
പ്രളയക്കെടുതിതൻ ഓർമ്മകളിൽ
മനം നൊന്ത് കേഴും മാനവജീവിത
വഴിവിളക്കുകൾ വീണ്ടും തെളിയുകില്ലേ......?
കൈകോർത്ത് നീങ്ങാം കാലിടറാതെ
കണ്ണീരിൻ കയ്യ്പുനീർ തുടച്ചുനീക്കാൻ
ഒരു തുള്ളി പലതുള്ളി പെരുമഴപോലെ
ഒരുമിച്ചുചേർന്ന് നമുക്കുയർകൊള്ളാം
ആത്മശക്തിതൻ പുനർജനിയായ്

# മണ്ണും മനുഷ്യനും



ഗ്രെയ്സ് മേരി എൽദോ
8B

പ്രകൃതി സുന്ദരവും വിഭവസമൃദ്ധവുമായ ഒരു ഗ്രാമമായിരുന്നു നെന്മണി ഗ്രാമം. ആ ഗ്രാമത്തിലെ ഏറ്റവും ധനികനായ ഒരു വ്യക്തിയായിരുന്നു രാമചന്ദ്രൻ.അയാളുടെ കീഴിൽ അനേകം പാടശേഖരങ്ങളും കൂലിക്കാരും ഉണ്ടായിരുന്നു. തന്റെ പാടശേഖരങ്ങൾ നോക്കി നടത്താൻ തനിക്ക് ഒരു സേവകനെ ആവശ്യമാണെന്ന് അറിയിച്ചു. ആ ഗ്രാമത്തിലെതന്നെ കർഷകനെ നിയമിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന് ഗ്രാമം മുഴുവൻ വാർത്ത പരന്നു. ഇതറിഞ്ഞ ഒരു അസൂയാലുവായ കച്ചവടക്കാരനും ഒരു കർഷകനും താനാണ് ഏറ്റവും യോജിച്ചതെന്ന് പറഞ്ഞ് തർക്കിക്കാൻ തുടങ്ങി. അങ്ങനെ രാമചന്ദ്രൻ രണ്ടുപേരെയും വിളിച്ചുവരുത്തി. ഒരു കുട്ടയിൽ നിറയെ നാണയങ്ങളും വേറൊരു കുട്ടയിൽ വിവിധതരം വിത്തുകളും വച്ചു.

രണ്ടുപേരോടും ഒരെണ്ണം തിരഞ്ഞെടുക്കാൻ പറഞ്ഞു. കച്ചവടക്കാരൻ നാണയങ്ങളും കർഷകൻ വിത്തും തിരഞ്ഞെടുത്തു. രാമചന്ദ്രൻ കർഷകനെ സേവകനായി തിരഞ്ഞെടുത്ത വിവരം എല്ലാവരെയും അറിയിച്ചു.

# കഴുതയുടെ ബുദ്ധി



സാറായി രാജേഷ്
9B

ഒരിക്കൽ ഒരു കഴുത കുഴിയിൽ വീണു. എന്തു ചെയ്യണമെന്നറിയാതെ മണിക്കൂറുകളോളം അലറിക്കരഞ്ഞു. അവസാനം കഴുതയുടെ ഉടമസ്ഥൻ ഈ നിലവിളി കേട്ടു.

കഴുതയെ പുറത്തെടുക്കണമെങ്കിൽ കഴുതയുടെ വിലയേക്കാൾ കൂടുതൽ തുക ചിലവാക്കണം. കുഴി മൂടിക്കളയുന്നതാണ് എളുപ്പമെന്ന് ഉടമസ്ഥന് ബോധ്യമായി.

അയൽവാസികളെയെല്ലാം വിളിച്ചു കുഴി മണ്ണിട്ടു നിറയ്ക്കാൻ തുടങ്ങി. തന്നെ കുഴിച്ചു മൂടുകയാണെന്ന് മനസ്സിലാക്കിയ കഴുത ഉറക്കെ നിലവിളിക്കാൻ തുടങ്ങി. എല്ലാവരേയും അത്ഭുതപ്പെടുത്തി കഴുതയുടെ കരച്ചിൽ കുറഞ്ഞുവന്നു. കുഴിയിലേക്കുനോക്കിയ അവർ കഴുതയുടെ പ്രവൃത്തികണ്ട് അമ്പരന്നു പോയി. ഓരോ തവണ മണ്ണു തന്റെ പുറത്തേക്കു പതിക്കുമ്പോഴും അതു കുടഞ്ഞുകളഞ്ഞ് കഴുത മണ്ണിന്റെ പുറത്തുകയറി നിൽക്കും. കൂടുതൽ മണ്ണു വീഴുംതോറും അതു കരയിൽ വരാനുള്ള ആഗ്രഹം കൊണ്ട് ശക്തമായി കുടഞ്ഞുകൊണ്ടേയിരുന്നു. ഒടുവിൽ അതു സംഭവിച്ചു, തന്നെ നശിപ്പിക്കാൻ കോരിയെറിഞ്ഞ മണ്ണിൽതന്നെ ചവിട്ടി അത് കരയിലേക്ക് കുതിച്ചു കയറി

# നെല്ലിക്ക



അനശ്രീ മോഹനൻ

8A

മൺചിരട്ടകൾ

അക്ഷരങ്ങളായി മാറ്റിയ

ആദ്യ ദിനത്തിന്

അമ്മതൻ തൂവിരൽ തുമ്പിൽ

നിന്നടർത്തിയ

കുഞ്ഞുകൈകളിൽ

അക്ഷരമുറ്റത്തെ

പാറാവുകാർ ഏൽപ്പിച്ചതും

കയ്യായിരുന്നു

പുതു നിറമണിഞ്ഞ്

പുത്തനുടുപ്പും
കരിമഷിയണിഞ്ഞ
കുഞ്ഞുസ്ലേറ്റിനും
കയ്പ്പായിരുന്നു

എന്റെ കണ്ണീർ തോരാൻ
നീട്ടിയ കടലാസ് മിഠായിക്ക് കയ്പ്പ്
തൂവെള്ള നിറമായി
കുമ്പിളിൽ കോരിയ
കഞ്ഞിക്കും കയ്പ്പ്

ഇന്ന്
ഓർമ്മകൾ വീണ്ടും
ചെറുതെന്നലായ് വീശുമ്പോൾ
സ്മരണകൾക്ക്
മധുരമാണിരട്ടി മധുരം

# നാളെ



ശ്രേയ സതീശൻ
8A

ഇന്നലെത്തെപ്പോലത്തെ

ഒരു ഇന്നായിരിക്കുമോ നാളെ?

അതിനെ ഇതുവരെ

ആരും കണ്ടിട്ടില്ലല്ലോ.

നാളെ മരിക്കേണ്ടവർ

ഇന്നിൽ കിടന്നാണ് മരിച്ചത്.

നാളെ ജനിക്കേണ്ടിയിരുന്നവർ

ഇന്നിലേക്കാണ് പിറന്നുവീണത്.

നാളെയെക്കുറിച്ച് ഓർക്കണമെന്ന്

എല്ലാവരെയും ഓർമ്മിപ്പിച്ചു, ഓർമ്മയിൽ


ഇന്നലെകൾ മാത്രം നിറഞ്ഞു.

നാളെയിൽ ആരും ജീവിച്ചിട്ടില്ല.

എന്നിട്ടും എല്ലാവരും

നാളേക്കുവേണ്ടി ജനിക്കുന്നു.

# तित्तली



अभिमन्यु हरिकुमार

10B

मेरे घर के ऊपर आसमान में

ड़डती प्यारी नन्हे तित्तली

नीले नीले रंगों से उडती उसकी पर

तित्तली मेरे दोस्त है

मेरे जीवन के भाग है और

मेरे जीवन की रोशनी है

मेरे रंग सफेद है ओर

उसका रंग अलग है

लेकिन हमारी जीवन एक जैसे है

# അമ്മ



അപർണ മനോജ്

10A

നര വീണു അമ്മ തൻ തലയിൽ

നുര നീർന്നു അമ്മതൻ മാറിൻ

കവിൾത്തടമൊട്ടി കുഴിത്തടമായ്

കൺപോള ചിമ്മുന്നതറിയാതെയായ്

ഇരുകാലിൽ മെല്ലെ നടക്കുവാനായ്

ഇറയത്ത് ചാരിയ കോലു കാണാം

പണ്ടൊക്കെ എന്നമ്മ കഥ പറയും

പാണ്ടിക്കാർ പിള്ളേരെ കട്ടകഥ

പാടത്ത് കൊയ്ത്തിനു പാട്ടും പാടും

പുന്നെല്ലിടിച്ചമ്മ അവലു തരും

അമ്മതൻ വിരലിലെ തുമ്പിയായി

ആ മനം പോലെ പറന്നു ഞാനും

ആവാത്ത നാളിൽ അമ്മയ്ക്കായി

ആവതെല്ലാം ഞാൻ കരുതി വയ്ക്കും

നരയുള്ള തലയിൽ തലോടി ഞാനും

അമ്മതൻ ഉണ്ണിയായ് ചേർന്നു നിൽക്കും

# വായനയുടെ പ്രാധാന്യം



പ്രിയദർശിനി.കെ.പി
9B

ജൂൺ 19 മലയാളികൾക്ക് വായനയുടെ ലോകം കാട്ടിത്തന്ന പി എൻ പണിക്കരുടെ ചരമദിനമാണ്. അദ്ദേഹത്തോടുള്ള ആദരസൂചകമായി ജൂൺ 19 മുതൽ 15 ദിവസം വായനാദിനമായി ആചരിക്കുന്നു.

കേരളത്തിലാദ്യമായി വായനാശാല എന്ന സങ്കൽപ്പം കൊണ്ടുവന്നത് പി.എൻ പണിക്കരാണ്. അദ്ദേഹത്തിൻറെ ഈ അശ്രാന്തപരിശ്രമം മൂലമാണ് മലയാളത്തിന്റെ സാഹിത്യലോകം എത്ര സമ്പന്നമാണെന്നും വായനയുടെ മഹത്വവും നാം മനസ്സിലാക്കിയത്. വായനയുടെ ലോകം വിശാലമാണ്. അതിന്റെ വാതായനങ്ങൾ ഗ്രന്ഥശാലകളിലൂടെ നമുക്കുമുന്നിൽ തുറന്നിട്ട അദ്ദേഹത്തെ നാം എന്നും ആദരിക്കണം.

കൃതികളുടെ ബാഹുല്യം കൊണ്ട് സമ്പന്നമാണ് മലയാളഭാഷ. വൈലോപ്പിള്ളിയും ചങ്ങമ്പുഴയും ഒക്കെ നമ്മുടെ ഭാഷയെ അനുഗ്രഹീതമാക്കിയിരിക്കുന്നു. മാമ്പഴവും വീണപൂവും രമണനും ഒരു ദേശത്തിൻറെ കഥയുമൊക്കെ നമ്മുടെ സാഹിത്യചരിത്രത്തിലെ പൊൻതൂവലുകൾ ആണ്. സാഹിത്യത്തിൻറെ ഏറ്റവും ഉയർന്ന അവാർഡ് ആയ ജ്ഞാനപീഠം പോലും നമുക്കാണ് ആദ്യമായി ജി ശങ്കരക്കുറുപ്പിലൂടെ ലഭിച്ചത്

"വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും"

കുഞ്ഞുണ്ണി മാഷിന്റെ പ്രസിദ്ധമായ വരികളാണിത്. വായിച്ചു വളർന്നാൽ നമ്മൾ വിളയും ഇതിനർത്ഥം വായിച്ചു വളർന്നാൽ നാം നല്ലരീതിയിൽ വരുമെന്നതാണ്. പുസ്തകങ്ങളിൽ ഉള്ള അറിവ് മറ്റെവിടെ നിന്നും കിട്ടില്ല അതിനാൽ വായിച്ചു വളരണം. ആയിരക്കണക്കിന് പുസ്തകങ്ങൾ വായിച്ച് റെക്കോർഡിട്ട ഓഷോയും, രണ്ടായിരത്തിലധികം പുസ്തകങ്ങൾ വായിച്ച രവീന്ദ്രനാഥടാഗോറും നമുക്ക് മാതൃകകൾ ആകണം. മഹാന്മാരുടെ എല്ലാം ചരിത്രം പരിശോധിച്ചാൽ അറിയാം അവരെല്ലാവരും വായന പ്രധാന വിനോദമായി

സ്വീകരിച്ചവരായിരുന്നു എന്ന്. വായന ബുദ്ധിയുടെ ലക്ഷണമാണ് പാഠപുസ്തകങ്ങൾക്ക് അപ്പുറമുള്ള ഒരു പരന്ന വായന നമുക്ക് ആവശ്യമാണ്. ദിനപത്രങ്ങളും മറ്റു മാസികകളും വായിക്കുന്നതിലൂടെ നമുക്ക് സമകാലിക വിജ്ഞാനം ലഭിക്കുന്നു. അതിനാൽ അത് വായിക്കുക പിന്നെ പാഠ പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്ന എഴുത്തുകാരുടെ പുസ്തകങ്ങൾ വായിക്കുക ഇത് നമ്മുടെ പഠനത്തിന് സഹായിക്കും

ഒന്നുകൂടി പി എൻ പണിക്കരെ സ്മരിച്ച് അദ്ദേഹത്തിൻറെ വാക്കുകൾ കടമെടുത്തു കൊണ്ട് പറയുന്നു "വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക"

# ആവണി തുമ്പി



അക്ഷര

10A

പുലരുമ്പോൾ നീയെന്നരികിൽ വേണം
പുഞ്ചരി തൂകുന്ന പുലരൊളി പോൽ
പൂവിൻ മധു വന്നു നിറയും പോലെ
കാറ്റിന്റെ കൈകൾ തഴുകുന്ന നിന്റെ
കാർക്കൂന്തൽ മേഘ ചുരുളുകൾ പോലെ
കാനന വീഥിയിൽ തേടി വരും ഞാൻ
കൺമൊഴി നിന്നുടെ തേൻമൊഴികൾ
ആയിരം നക്ഷത്രദീപങ്ങൾ ചാർത്തി
ആകാശം ഗോപുരമേടയിലാകെ
ആടാനും പാടാനും എന്നുടെകൂടെ
ആവണി തുമ്പി പോൽ നീയണഞ്ഞീടൂ

# മഴ



അപർണ അജയൻ
8A

മനസ്സിന്റെയടിത്തട്ടിലും കുളിരായ്
പെയ്തിറങ്ങുമീ മഴതൻ ചാരെ
ഒരു പുതപ്പിൻ കീഴെയിരിക്കുമ്പോൾ
വശ്യചാരുതയോടീ മഴയും
പ്രണയാംകുലയായ് പെയ്യുമ്പോൾ
മറക്കാൻ കഴിയില്ലീ മഴയുടെ
മറുമുഖമാമാ മരണമുഖം
മൃദുലമായ് പെയ്യെൻ
മനസ്സിൽ നിറഞ്ഞൊരീ
മുഖമൊന്നുമല്ലീ മഴയ്ക്ക്
ഇടവപ്പാതി പെയ്യെന്നാൽ
ഇടയും മഴയും വന്നെന്നാൽ

പാതിപൊളിഞ്ഞൊരുക്കൂരക്കീഴിൽ

കഴിച്ചുകൂട്ടും മാനുഷരെല്ലാം

മഴയുടെ മുന്നിൽ ഒരു ചോദ്യചിഹ്നം പോൽ

മഴയും ഉപ്പും ഒന്നുപോലാണ്

കൂടിയാലും ദോഷം കുറഞ്ഞാലും ദോഷം

# സ്നേഹത്തണൽ




ലിന്റ സാജു
9B

ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു. അപ്പു എന്നാണ് അവന്റെ പേര്. ആറാം ക്ലാസിലാണ് അവൻ പഠിക്കുന്നത്. അവന്റെ അമ്മ മരിച്ചു പോയി. അമ്മയുടെ മരണശേഷം അവന്റെ കുടുംബം ശൂന്യതയിലായി. അച്ഛൻ അമ്മയുടെ മരണശേഷം മാനസികനില തെറ്റിയവനാകുകയും നിരാശയിൽ അമരുകയും ചെയ്തു. പിന്നീട് മദ്യപാനവും മറ്റു ദുശീലങ്ങളും ആരംഭിച്ചു. അതിനുശേഷം അപ്പുവിനെ ഉപദ്രവിക്കുകയും അവനെ ഉപേക്ഷിച്ച് വീട്ടിൽ നിന്നും പോവുകയും ചെയ്തു. പാവം അപ്പു വീട്ടിൽ തനിച്ചായി. ഈ പ്രതിസന്ധികൾക്കു മുന്നിലും അവന് പഠിക്കണമെന്നുള്ള ആഗ്രഹം കൈവിടാതെ ആത്മവിശ്വാസത്തോടുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവന്റെ ഈ അവസ്ഥ മനസ്സിലാക്കുകയും അവനെ സഹായിക്കാനും ആരും തന്നെ ഉണ്ടായിരുന്നില്ല. പ്രതീക്ഷ കൈവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി അവന്റെ ജീവിതത്തിലേക്ക് അവന്റെ ടീച്ചർ കടന്നുവരുകയും

അവന്റെ അവസ്ഥയെ തിരിച്ചറിയുകയും ചെയ്യുന്നു. പിന്നീട് അവനെ ടീച്ചറോടൊപ്പം താമസിപ്പിക്കുകയും അവന്റെ എല്ലാ കാര്യങ്ങളും ഉത്തരവാദിത്വ ബോധത്തോടുകൂടി ഏറ്റെടുത്ത് നടത്തുകയും ചെയ്തു. അവന്റെ പഠനകാലം മുഴുവനും ടീച്ചർ സ്വന്തം ചുമതലയിൽ നടത്തി ഒരു സ്നേഹത്തണലായി മാറുകയും ചെയ്തു. അവൻ പഠിച്ച് വലുതാകുകയും ഉന്നതമായ ജോലി നേടുകയും ചെയ്തു. പിന്നീടുള്ള കാലം അവന്റെ ചുമതലയിൽ ടീച്ചറോടൊപ്പം സുഖകരമായും സന്തോഷത്തോടുകൂടിയും ജീവിച്ചു

# ഒരു രോഗം ഒട്ടേറെ ഗവേഷണം



എൽദോസ്.കെ.സണ്ണി.

9B

ശാസ്ത്ര ഗവേഷണത്തിന്റെ ഒരു സൂചികയായി നാം പലപ്പോഴും നൊബേൽ സമ്മാനങ്ങളെ കാണാറുണ്ട്. 2018 ലെ വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനവും അർബുദവുമായി ബന്ധപ്പെട്ടു നടത്തിയ ഗവേഷണത്തിനാണ്. യാദൃച്ഛികമായിട്ടായിരിക്കാമെങ്കിലും 2018 ലെ രസതന്ത്രത്തിനും ഭൗതികശാസ്ത്രത്തിനും നൽകിയ സമ്മാനത്തിന് അർബുദ ചികിത്സാ മേഖലയുമായി ബന്ധമുണ്ട്.

മറ്റേത് അസുഖങ്ങളേക്കാൾ അർബുദം സമൂഹത്തിൽ അസ്വസ്ഥതയും ആകാംക്ഷയും ഉണ്ടാക്കുന്നതാണ്. മനുഷ്യന്റെ ദീർഘവീക്ഷണമില്ലാത്ത, ചൂഷണമനോഭാവമുൾപ്പെടെയുള്ള ജീവിതരീതിയോടുകൂടി അനന്തരഫലമായി ഈ അസുഖത്തെ കാണാം. പ്രകൃതിയോട് ഇഴുകിച്ചേർന്ന് കേവലം അതിന്റെ ഒരു ഭാഗമായി ജനിച്ച്, ജീവിച്ച് കടന്നു പോകേണ്ട മനുഷ്യർ പ്രകൃതിയുമായി യുദ്ധം പ്രഖ്യാപിച്ച് അതിനെ അതിരുകളില്ലാത്ത

ചൂഷണത്തിന് വിധേയമാക്കുന്നു.

2018 ലെ വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം അർബുദത്തിനെതിരെ ശരീരത്തിന്റെ സ്വാഭാവികമായ പ്രതിപ്രവർത്തനത്തെക്കുറിച്ച് പഠിച്ച ടെക്സാസ് സർവകലാശാലയിലെ എം ഡി ആന്റേഴ്സൺ ക്യാൻസർ സെന്ററിലെ ഡോ. ജയിംസ് അല്ലിസൺ, ക്യേട്ടോ സർവകലാശാലയിയെ ഡോ. ടസുകു ഹോൻജോ എന്നിവർക്കാണ് നൽകിയത്. അർബുദ കോശങ്ങളെ കൃത്യമായി ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു ചികിത്സാ രീതിയെ മാറ്റിനിർത്തി രോഗിയുടെ സ്വാഭാവികമായുള്ള പ്രതിപ്രവർത്തന ശൃംഗലയെ ഉത്തേജിപ്പിച്ചുകൊണ്ട് അർബുദത്തെ ചെറുക്കാമെന്ന് ഈ രണ്ട് ശാസ്ത്രജ്ഞരും കണ്ടുപിടിച്ചു.

# വായിച്ചു വളരാം



വിസ്മയ.വി.വി
9B

അറിവിന്റെ പ്രാധാന്യത്തപ്പറി ഭഗവത് ഗീതയിൽ പറയുന്നത് ഇപ്രകാരമാണ് - നഹി ജ്ഞാനേനസദ്രശ്യം പവിത്രം ഹഃ വിദ്യതേ. മനസ്സിലെ മാലിന്യങ്ങൾ അകറ്റാൻ അറിവിനു പകരം മറ്റൊരുപായമില്ല. വായനയിലൂടെ നേടുന്ന അറിവാണ് ഏറ്റവും വലിയ ആയുധം. ബെർത്തോൾഡ് ബ്രെഹ്ത് പറഞ്ഞത് വിശക്കുന്ന മനുഷ്യാ, പുസ്തകം കയ്യിലെടുക്കൂ.....അതൊരു ആയുധമാണ്. - എന്ന ശക്തമായ വാക്കുകളാണ്. ഒരുപക്ഷേ, വാളല്ലെൻ സമരായുധം എന്ന് നമ്മുടെ പ്രിയ കവി വയാലാറിനെക്കൊണ്ട് എഴുതിച്ചതും ഇത്തരമൊരു ചിന്താഗതി ആയിരിക്കണം.

വായന മനുഷ്യർക്കു മാത്രം സാധ്യമാകുന്ന ഒരത്ഭുത സിദ്ധിയാണ്. സമൂഹത്തിന്റെ വളർച്ചയുടെ സമ്പന്നമായ ഒരു ഘട്ടത്തിലാണ് മനുഷ്യർ ആശയവിനിമയത്തിന് അക്ഷരങ്ങളും അക്ഷരങ്ങൾ ചേർത്ത് വാക്കുകളും വാക്കുകൾ ചേർത്ത് വാചകങ്ങളും ഉണ്ടാക്കിത്തുടങ്ങിയത്. സംസാരഭാഷ

രേഖപ്പെടുത്താൻ മാർഗ്ഗം കണ്ടെത്തിയതോടെ മനുഷ്യരുടെ വായനയും ആരംഭിക്കുകയായിരുന്നു. ഇവിടെ വായിക്കാൻ പഠിക്കുന്നതിനു മുൻപു തന്നെ എഴുതാൻ മനുഷ്യർ പഠിച്ചു എന്നു വേണം കരുതാൻ. മനുഷ്യസഹജമായ സൗന്ദര്യാവിഷ്കരണ കൗതുകത്തിൽ നിന്നാവാം എഴുത്തിന്റെ ഉത്ഭവം.

പുതിയ തലമുറയ്ക്കു വായനാശീലം കുറയുന്നുവെന്ന വാദം ഉയരുമ്പോൾ തന്നെ മലയാള പത്രങ്ങളുടെ വായനക്കാർ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്ന പഠന റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നു. പുതിയ തലമുറക്കാർ ഇ-വായനക്കാരാണെങ്കിൽ എങ്ങനെയാണ് മലയാള പത്രങ്ങളുടെ വായന കൂടിയത്? അപ്പോൾ പുതുതലമുറക്കാർ മലയാള പത്രങ്ങൾ വായിക്കുന്നുണ്ടെന്നാണ് വിലയിരുത്തേണ്ടത്.

# മഴപ്പഴമ



സ്നേഹ കുഞ്ഞുമോൻ
9B

മേടത്തിൽ പൊടിച്ച് ഇടവത്തിൽ പടർന്ന് മിഥുനത്തിൽ തകർക്കുന്ന പെരുമഴക്കാലം. കാലമനുസരിച്ചും ശക്തിയുമനുസരിച്ചും രീതിയുമനുസരിച്ചുമാണ് പണ്ടുള്ളവർ മഴയെ തരം തിരിച്ചിരുന്നത്. കാലമനുസരിച്ച് കാലവർഷവും ഇടവമഴയും തുലാവർഷവും ഇങ്ങടുത്തെത്താറായി. ഇടവം 15 മുതൽ കന്നി 15 വരെയാണ് കാലവർഷപ്പെയ്ത്ത്. തുലാം 15 മുതൽ മകരം 15 വരെയാണ് തുലാവർഷം. തുള്ളിക്കൊരുകുടം പേമാരിയാണ് കർക്കടകമഴ. ഉച്ചനേരങ്ങളിൽ മഴ മാറി നിൽക്കുന്ന കുറച്ചുസമയത്തെ പണ്ടുള്ളവർ ഉച്ചത്തോർച്ച എന്നു വിളിച്ചിരുന്നു. ഉച്ചതിരിഞ്ഞ് ഇടിവെട്ടിപെയ്യുന്ന മഴ തുലാവർഷമാണ്. ഇത് രാത്രി വരെ നീളും. ആകെ മഴയിൽ 60 ശതമാനം കാലവർഷവും 20 ശതമാനം തുലാവർഷവും ബാക്കി ഇടമഴയുമാണെന്നാണ് ശാസ്ത്രം പറയുന്നത്.

# ജീവിത ത്യാഗം



എൽന ബിനോയ്
9B

ഒരിക്കൽ ഒരു 16 വയസ്സുള്ള മകൻ തന്റെ അമ്മയോട് ചോദിച്ചു. അമ്മേ എന്റെ 18ാമത്തെ പിറന്നാളിന് അമ്മ എന്ത് സമ്മാനമാണ് എനിക്ക് തരുന്നത്. അമ്മ പറഞ്ഞു, മോനേ 18ാമത്തെ പിറന്നാളിന് ഇനിയും സമയമുണ്ടല്ലോ. അത് അന്നു തീരുമാനിക്കാം. അവന് 17 വയസ്സു കഴിഞ്ഞു. ഒരിക്കൽ അവൻ ബോധമറ്റ് നിലത്തു വീണു. അവന്റെ അമ്മ പെട്ടന്നുതന്നെ അവനെ അടുത്തുള്ള ആശുപത്രിയിൽ കൊണ്ടുപോയി. ആ അമ്മ ഡോക്ടർമാരോട് ചോദിച്ചു. എന്റെ മകന് എന്താണ് ഡോക്ടർ പറ്റിയത്? ഡോക്ടർ പറഞ്ഞു, താങ്കളുടെ മകന്റെ ഹൃദയം തകരാറിലാണ്. ഈ വാർത്ത കേട്ടപ്പോൾ ആ അമ്മ മകനെ നോക്കി പൊട്ടിക്കരഞ്ഞു. ഇതൊന്നും അറിയാതെ വെന്റിലേറ്ററിൽ കിടക്കുന്ന അവൻ അമ്മയോട് ചോദിച്ചു. അമ്മേ ഞാൻ മരിച്ചു പോകുമെന്നാണോ ഡോക്ടർ പറഞ്ഞത്. ഒരു പൊട്ടിക്കരച്ചിൽ മാത്രമായിരുന്നു അമ്മയുടെ മറുപടി. ഒടുവിൽ ശസ്ത്രക്രിയക്കു ശേഷം പൂർണ്ണ

സൗഖ്യം പ്രാപിച്ച് ആശുപത്രി വിട്ടു. വീട്ടിലെത്തിയപ്പോൾ അമ്മയെ കാണാനായി അവന്റെ  അവന്റെ കണ്ണുകൾ പരതുമ്പോൾ അവന് അവന്റെ കിടക്കയിൽ നിന്ന് ഒരു കത്ത് കിട്ടി. അത് അവന്റെ അമ്മയുടെ  കത്തായിരുന്നു. ആ കത്തിൽ എഴുതിയത് വായിച്ചു എന്നിട്ട് നിലവിളിക്കാൻ തുടങ്ങി. അതിൽ എഴുതിയിരുന്നത് ഇങ്ങനെയായിരുന്നു. മകനേ നീ ഒരിക്കൽ എന്നോട് ചോദിച്ചു നിന്റെ പതിനെട്ടാമത്തെ പിറന്നാളിന് അമ്മ എന്ത് സമ്മാനമാണ് തരുന്നതെന്ന്. ഞാൻ നിനക്കുവേണ്ടി എന്താണ് തന്നതെന്ന് അറിയണ്ടേ. അത് അമ്മയുടെ ഹൃദയമായിരുന്നു. അത് മോൻ സൂക്ഷിച്ചു വെക്കണം. എന്റെ മകന് ഒരായിരം പിറന്നാൾ ആശംസകൾ നേരുന്നു ആ അമ്മ തന്റെ മകന് വേണ്ടി സ്വന്തം ജീവൻ ത്യാഗം ചെയ്തു.

# ഒരു കിയോ കിയോ കിയോക്കഥ



അഭിമന്യ.കെ.സാജു
8A

കീയോ കീയോ, കീയോ ഞങ്ങൾക്ക് പുറത്തു പോകണം. ഓടിക്കളിക്കണം. അമ്മയുടെ ചിറകിനടിയിലിരിന്നുകൊണ്ട് കോഴിക്കുഞ്ഞുങ്ങൾ പറഞ്ഞു. ശരി ശരി പുറത്തുവിടാം. പക്ഷേ എന്റെ അടുത്തു തന്നെ നിൽക്കണം. അകലേക്കു പോകരുത്. പോയാൽ കാക്കയോ പരുന്തോ റാഞ്ചും മനസ്സിലായോ? അമ്മക്കോഴി ചോദിച്ചു. കീയോ കീയോ നന്നായി മനസ്സിലായി. കുഞ്ഞുങ്ങൾ പറഞ്ഞു. അമ്മ ചിറകുകൾ ഉയർത്തി. കുഞ്ഞുങ്ങൾ പുറത്തു വന്നു. തീറ്റ കൊത്തിത്തിന്നു. പിന്നെ ഓടിക്കളിച്ചു. എല്ലാവരും അമ്മയുടെ അടുത്തുനിന്നു കളിച്ചു. എന്നാൽ ഒരുത്തൻ മാത്രം അകലേക്കു ഓടിപ്പോയി. എനിക്ക് പരുന്തിനെ പേടിയില്ല. പരുന്തു വന്നാലുടൻ ഞാൻ ഓടിക്കളയും. പെട്ടന്ന് ആകാശത്ത് പരുന്ത് പ്രത്യക്ഷപ്പെട്ടു. അത് താഴേക്ക് വെടിയുണ്ട പോലെ കുതിച്ചു. അമ്മക്കോഴി പരുന്തിന്റെ നിഴൽ കണ്ടു. പെട്ടന്നു കരഞ്ഞു. കൊകൊ!കിർർർർ! അടുത്തുണ്ടായിരുന്ന കോഴിക്കുഞ്ഞുങ്ങൾ ഓടി അമ്മയുടെ

ചിറകിനടിയിലൊളിച്ചു. അകലേക്കു പോയവനും അമ്മയുടെ അടുത്തേക്ക് ഓടി. പക്ഷേ അടുത്തെത്തും മുൻപ് പരുന്ത് അവന്റെ മേൽ വീണു, അവനെ കാലിൽ കുരുക്കി മുകളിലേക്കു പറന്നുയർന്നു. കീയോ കീയോ! എന്നെ രക്ഷിക്കണേ കോഴിക്കുഞ്ഞ് കരഞ്ഞു വിളിച്ചു. കോഴിയമ്മയും കുട്ടികളും അതുകേട്ട് സങ്കടപ്പെട്ടു. കീയോ കീയോ, ആകാശത്തുനിന്നും കരച്ചിൽ ഒഴുകി വന്നു. പിന്നെ അതു കേൾക്കാതായി. അമ്മക്കോഴി അപ്പോൾ പറഞ്ഞു മുതിർന്നവർ പറയുന്നത് അനുസരിക്കാതിരുന്നാൽ ഇതാണു ഫലം.

# സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ആവശ്യഗത.



അക്ഷ സിനോജ്

9B

പ്രിയരേ, സ്ത്രീകൾ സ്വാതന്ത്രത്തെക്കുറിച്ച് ഇത്രയും സംസാരിക്കുന്നതും സ്വാതന്ത്രം കൊടുക്കുകയാണെങ്കിൽ അത് ആദ്യം സ്ത്രീകൾക്ക് തന്നെ തരണമെന്നും, എന്തിന് സ്ത്രീകളെ ഈ കാലത്ത് എന്തിനും ഏതിനും മുന്നിൽ നിൽക്കുന്നത് എന്തിനാണെന്ന് നിങ്ങൾ ഓർക്കുന്നുണ്ടോ? അതിനെക്കുറിച്ച് അറിയുവാൻ ശ്രമം നടത്തിയുണ്ടോ? എന്നാൽ അറിയണം, ഇതാണ് കാരണമെന്ന് പണ്ട് കാലത്ത് അതായത് രാജഭരണ കാലത്ത് യാത്രികനായ ഇബിൻ ബത്തുത്ത തന്റെ രാജാവായ മുഹമ്മദ് ബിൻ തുഗ്ലക്കിന് പലതും സമ്മാനിച്ചിരുന്ന കാലം. അതിൽ ഉൾപ്പെട്ടതായിരുന്നു അടിമത്വം. അടിമത്വത്തിനായി ആഫ്രിക്കയിൽ നടന്ന യുദ്ധങ്ങളിൽ തോൽവി ഏറ്റെടുത്ത വ്യക്തികളെ ഇന്ത്യയിലേക്ക് കടത്തുകയായിരുന്നു ചെയ്തത്. അതിലെ വ്യക്തികളെ ഒരു അറവുമാടിനുപോലും വിലകൽപ്പിക്കാത്ത  രീതിയിൽ വളരെ ദയനീയമായി ചന്തയിൽവിൽക്കും. ആ സമയങ്ങളിൽ സ്ത്രീകളും ഉൾപ്പെടും. ഈ കാലഘട്ടങ്ങളിൽ സ്ത്രീകൾ സ്വാതന്ത്രം എന്തെന്നറിഞ്ഞിട്ടില്ല.

അവർക്ക് പഠിപ്പുണ്ടായിരുന്നില്ല. മറ്റുള്ളവരോട് സംസാരിക്കാൻ അറിയില്ല. അവരുടെ മുന്നിൽ നീണ്ടു നിവർന്നു കിടക്കുന്ന ഭയാനകമായ ജീവിതത്തിൽ എന്തുചെയ്യണമെന്നറിയാതെ കഴിവുകേടുകളുടെ ഉടമകളായി അവർ കഴിഞ്ഞിരുന്നു. പ്രിയ ജനങ്ങളെ നിങ്ങൾ ഒന്നു മനസ്സിലാക്കുക. സ്ത്രീകൾ മനുഷ്യരാണ് അവർക്കും നിങ്ങൾക്കും ഇടയിൽ  ഒരു വ്യത്യാസങ്ങളില്ല. ഒന്നുകൂടി നിങ്ങൾ മനസ്സിലാക്കുക രാജാറാം മോഹൻ റോയും ഈശ്വരചന്ദ്ര വിദ്യാസാഗറുമൊക്കെ എന്തിനുവേണ്ടിയാണ് സമരം ചെയ്തത്? സ്ത്രീക്കും പുരുഷനും സമൂഹത്തിൽ ഒരേ നിലയും വിലയും ഉണ്ടെന്നും ഇന്ത്യൻ നവോത്ഥാനം പുരുഷകേന്ദ്രീകൃതമല്ലെന്നും സ്ത്രീകേന്ദ്രീകൃതമാണെന്നും സതി നിർത്തലാക്കൽ, വിധവാ വിവാഹം, ശൈശവ വിവാഹ നിരോധനം തുടങ്ങിയവ കൊണ്ടുവരാനും വേണ്ടിയാണ് സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിന്റെ ജാലകവിദ്യ തുറന്നുതന്ന മലാല യൂസഫ് സായ് എന്നിവരൊക്കെ സ്ത്രീകളുടെ ഉയർച്ചക്ക് വേണ്ടിയാണ്. ചില സ്ത്രീകൾ ചോദിക്കും തന്റേടിയായ ഈ സ്ത്രീകൾക്കൊക്കെ കുടുംബം നോക്കി കഴിഞ്ഞുകൂടെ എന്ന്. അങ്ങനെ ഇവരൊക്കെ കുടുംബം കഴിഞ്ഞായിരുന്നെങ്കിൽ സ്ത്രീകൾ സ്വാതന്ത്ര്യത്തിന്റെ ഒരു പടി ചവിട്ടില്ലായിരുന്നു. എന്റെ ഈ ചെറിയ എഴുത്തിലൂടെ ചില കാര്യങ്ങൾ മനസ്സിലായി എന്നു ഞാൻ വിശ്വസിക്കുന്നു. ജയ്ഹിന്ദ്.